For Private Circulation Only

April 2017

# ആഗമനദൂതൻ

HOLY BIBLE

Vol.64 | "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും ..........പ്രബോധിപ്പിക്കുന്നു " (1തിമൊ.2:1) | No.4

## നമ്മുടെ എന്നേയ്ക്കും ജീവിക്കുന്ന മദ്ധ്യസ്ഥൻ

By Charles H.Spurgeon

" അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു " (എബ്രാ. 1:25).

ഇവിടെ പറഞ്ഞിരിക്കുന്നത്, പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ ക്രിസ്തു തന്റെ മുഴുജീവിതവും നിത്യതയിലൂടനീളവും അതിർവരമ്പുകളില്ലാത്ത, അവസാനമില്ലാത്ത, മഹത്വകരമായ സാന്നിദ്ധ്യം അതാണ് എപ്പോഴും തന്റെ ജനത്തിനുവേണ്ടിയുള്ളത്. അവൻ എന്നെ സ്നേഹിച്ചു, തന്നെത്താൻ എനിക്കുവേണ്ടി നൽകി എന്നത് സത്യമാണ്. ഇതിനെ വർത്തമാനകാലത്തിൽ വായിച്ചാൽ അതു വളരെ സത്യമാണ് എന്ന് കാണാം. അവൻ എന്നെ സ്നേഹിക്കുന്നു, അവിടുന്ന് തന്നെത്താൻ എനിക്കുവേണ്ടി ഏല്പിച്ചുകൊടുത്തു; അവിടുന്ന് ഇപ്പോഴും സഭയെ സ്നേഹിക്കുന്നു; തന്നെത്താൻ അവിടുന്ന് സഭയ്ക്കുവേണ്ടി കൊടുക്കുന്നു. ക്രിസ്തുവിന്റെ അവസാനിക്കാത്ത ജീവിതം എത്ര ധന്യമാണ്. കർത്താവ് നമുക്കു വേണ്ടി ജീവിക്കുന്നതുകൊണ്ട് നമുക്കും കർത്താവിനായി ജീവിക്കാം.

ജീവിക്കുന്ന കർത്താവിനെ ഓർക്കുക എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം. പ്രിയ സഹോദരങ്ങളേ നമ്മുടെ ഉന്നതമായ നന്മയ്ക്കുവേണ്ടിയാണ് സർവ്വശക്തനും ദൈവവുമായവൻ ജീവിക്കുന്നത്. സ്നേഹത്തോടെ ഈ കർത്താവിനെ മഹത്വപ്പെടുത്താം. നമ്മുടെ ആവശ്യം വലുതാണ്. എപ്പോഴും നമുക്ക് ഒരു ജീവിക്കുന്ന രക്ഷകനായി ഒരു മദ്ധ്യസ്ഥനെ ആവശ്യമുണ്ട്. മരിക്കുന്ന രക്ഷകനെ നമുക്കു ആവശ്യമില്ല. ആത്മാവിന്റെ ആവശ്യങ്ങളെ നന്നായി അറിഞ്ഞ് അതിനെ പോഷിപ്പിക്കുവാൻ കഴിയുന്ന ഒരു ജീവിക്കുന്ന രക്ഷകനെയത്രേ നമുക്കാവശ്യം. എപ്പോഴും നാം ആവശ്യങ്ങളുടെ മുഖത്താണ്. ശത്രുവിന്റെ കയ്യിൽ നിന്നും വിടുവിക്കുന്ന രക്ഷകനെയാണ് നമുക്കാവശ്യം. യേശു എപ്പോഴും നമ്മെ സഹായിപ്പാൻ കൂടെയുണ്ട്. ജീവിതഭാരങ്ങളേറിയ നാം തളർന്നുപോകും എന്ന് തോന്നുമ്പോൾ യേശു നമ്മുടെ സഹായമായി എപ്പോഴും കൂടെയുണ്ട്. യേശു ജീവിക്കുന്നു. എന്റെ വലിയ വീണ്ടെടുപ്പുകാരൻ എനിക്കുവേണ്ടി ജീവിക്കുന്നു. തന്റെ ശക്തിയിലും മഹത്വത്തിലും ജീവിക്കുന്നു. നമ്മുടെ ജീവനെ വിടുവിച്ചു രക്ഷിക്കുവാൻ തന്റെ ജീവിതം നമുക്കുവേണ്ടി നൽകി. എനിക്ക് അതിൽ ജീവിക്കാൻ കഴിയുന്നില്ലേ? ഇങ്ങനെയൊരു സഹായകൻ നമുക്കുണ്ടെങ്കിൽ ഞാൻ എന്തിന് ഭയപ്പെടേണം. എന്റെ സംരക്ഷണത്തിനുവേണ്ടി ഒരുവൻ ശ്രദ്ധയോടെ ജാഗരിക്കുമ്പോൾ ഞാൻ എന്തിന് ഭാരപ്പെടേണം. കർത്താവായ യേശു തന്റെ നിത്യമായ ജീവിതം നമുക്കുവേണ്ടി തന്നിരിക്കുമ്പോൾ എണ്ണമില്ലാത്ത അനുഗ്രഹങ്ങളാണ് നമ്മുടെമേൽ പകർന്നിരിക്കുന്നത്.

പ്രിയരേ ഇവിടെയാണ് നമ്മുടെ ആശ്വാസം; നമുക്ക് ഒരു പുരോഹിതൻ; അവിടുന്ന് സദാ ജീവക്കുന്നവൻ. അവിടുത്തേയ്ക്കു മുമ്പേ ആരുമില്ല; തന്റെ പിൻഗാമിയായും ആരുമില്ല; കാരണം അവിടുന്ന് എന്നേയ്ക്കും നമുക്കുവേണ്ടി ജീവിച്ച് മഹാപുരോഹിതനായിരിക്കുന്നവൻ ഒരിക്കയ്ക്കലായി അർപ്പിക്കപ്പെട്ടു. തന്റെ ഏകയാഗത്തിലുള്ള വിശ്വാസത്താൽ എന്റെ ആത്മാവ് വിശ്രമം കണ്ടെത്തുന്നു. അവൻ ഒരിക്കലായി അർപ്പിക്കപ്പെട്ടു; ഇനി ഒരു യാഗത്തിന്റെ ആവശ്യമില്ല; എല്ലാ കാലത്തും ഉള്ള എല്ലാവർക്കുവേണ്ടിയും എന്ന് മാത്രമല്ല അവിടുന്ന് മരണമില്ലാത്തവനുമാണ്. യേശു നമ്മുടെ ഹൃദയങ്ങളെ അറിയുന്നു. അവിടുന്ന് എന്റെ ദുഃഖവും സങ്കടവും അറിയുന്നു; വാർദ്ധക്യത്തിന്റെ ക്ഷീണം ശരീരത്തെ തളർത്തുമ്പോഴും അവിടുന്ന് കൈവിടുകയില്ല. ഞാൻ മരണത്തെ പുൽകുമ്പോഴും അവിടുന്ന് മരിക്കയില്ല; മാത്രമല്ല ഒരിക്കലും നശിക്കാത്ത അനുഗ്രഹങ്ങളുടെ ഒരിക്കലും മുറിഞ്ഞുപോകാത്ത നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ നിത്യമായ പൗരോഹിത്യ വേലയിലും നമുക്ക് സന്തോഷമില്ലേ.

### തുടർച്ചയായ മദ്ധ്യസ്ഥതയുടെ ആവശ്യം

പാപസ്വഭാവത്തിൽ നിന്നും ലംഘനങ്ങളിൽ നിന്നും വിടുവിച്ചു സംരക്ഷിക്കുന്ന നമ്മുടെ പ്രത്യാശ നമുക്കു തന്നത് കർത്താവായ യേശു അല്ലേ? വഴി കഠിനമാണ്. ലോകം പാപപങ്കിലമാണ്. അലച്ചിലുകൾ അനവധിയാണ്. അതുകൊണ്ട് നിത്യമായ മദ്ധ്യസ്ഥത അത്യന്താപേക്ഷിതമാണ്. നാം അപകടങ്ങളിൽ നിന്നും മുക്തരല്ല, അതുകൊണ്ട് നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന അത്യാവശ്യമാണ്. ബലഹീനതകളിൽ നിന്നും ഭോഷത്വത്തിൽ നിന്നും വിടുതൽ പ്രാപിച്ചിട്ടില്ല, അതുകൊണ്ട് ശാശ്വതമായ സംരക്ഷണം നൽകുന്ന ഒരിടം നമുക്കാവശ്യമാണ്. ഒരു ആവശ്യവും

(ശേഷം 7-ാംപേജിൽ)

# ഒരു വിശ്വസ്ത ദാസൻ മഹത്വത്തിൽ കർത്താവിനോടുകൂടെ

**ഹെറാൽഡ് ഓഫ് ഹിസ് കമിംഗ്** എന്ന മാസികയുടെ മലയാളം പതിപ്പായ ആഗമനദൂതൻ മാസികയുടെ എഡിറ്ററായി ദീർഘവർഷക്കാലം പ്രവർത്തിച്ചിരുന്ന ഡി.എം.വിജയരാജ് എന്ന ദൈവദാസൻ തന്റെ വേല തികച്ച് കർത്താവിനോടുകൂടെ മഹത്വത്തിൽ പ്രവേശിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നുള്ള ആശ്വാസവും സമാധാനവും തന്റെ കുടുംബത്തിന്മേലും തന്റെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന എല്ലാവരുടെമേലും ഉണ്ടാകേണ്ടതിനായുള്ള ഞങ്ങളുടെ പ്രാർത്ഥനയിൽ പ്രിയവായനക്കാരും പങ്കുചേരണമേ എന്ന് അഭ്യർത്ഥിക്കുന്നു. ആഗമനദൂതൻ മാസികാ പ്രവർത്തനത്തിലൂടെ ശ്രേഷ്ഠമായ വേലചെയ്തുകൊണ്ടിരുന്ന കർത്താവിന്റെ വിലപ്പെട്ട ദാസന്റെ ശുശ്രൂഷയെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 1984 മുതൽ 2015 വരെയുള്ള ദീർഘവർഷങ്ങൾ ആഗമനദൂതന്റെ എഡിറ്ററായി വിശ്വസ്തമായി ചെയ് ത സേവനങ്ങളെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

2015 ആഗസ്റ്റ് മാസത്തിൽ ഞങ്ങൾക്ക് ഒരു കത്തെഴുതിയിരുന്നു. അതിങ്ങനെയാണ്. ആഗമനദൂതന്റെ എഡിറ്ററും പബ്ളീഷറുമായി ഞാൻ ചെയ്തുകൊണ്ടിരുന്ന ജോലി ആത്മാർത്ഥയോടെ ചെയ്യുവാൻ എനിക്കിടയായതിൽ ഞാൻ സന്തോഷിക്കുന്നു. ശാരീരികമായ എന്റെ പ്രശ്നങ്ങളാൽ അത് തുടർന്ന് ചെയ്യുവാൻ എനിക്ക് കഴിയുന്നില്ല. അതുകൊണ്ട് മാസികയുടെ നല്ല ഭാവിക്കായി ഈ പ്രവർത്തനം മറ്റൊരാളെ ഏല്പിച്ചാൽ കൊള്ളാമായിരുന്നു. ഈ ശുശ്രൂഷയിൽ കഴിഞ്ഞ 20 വർഷമായി എന്നെ സഹായിച്ചുകൊണ്ടിരിക്കുന്ന സഹോദരി ബിന്ദുവിന് ആഗമനദൂതന്റെ പ്രവർത്തം കൈമാറുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദരൻ ഡി.എം.വിജയരാജിന്റെ നിർദ്ദേശം ഞങ്ങൾ സന്തോഷത്തോടെ സ്വീകരിക്കയും സഹോദരി ബിന്ദുവിനെ ആഗമനദൂതന്റെ പ്രവർത്തനങ്ങളെ ഏല്പിക്കയും ചെയ്തു. അതിൽ ഞങ്ങൾ സന്തോഷിക്കയും ചെയ്യുന്നു സഹോദരി ബിന്ദുവിനെയും ആഗമനദൂതന്റെ പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിച്ചാലും.

2002-ൽ സഹോദരൻ വിജയരാജ് അമേരിക്കയിലെ ഹെറാൾഡ് ഓഫീസിലേക്ക് ഒരു കത്തെഴുതിയത് ഈ ശുശ്രൂഷയിൽ തുടക്കക്കാരായ ഞങ്ങൾക്ക് വളരെ ഉത്തേജനം നൽകുന്നതായിരുന്നു. അതു തന്റെ ഹൃദയത്തിലുള്ള ശുശ്രൂഷയെക്കുറിച്ചുള്ള ദർശനം വ്യക്തമാക്കുന്നു. 1984-ൽ മലയാളം ഹെറോൽഡിന്റെ ശുശ്രൂഷ ഏറ്റെടുക്കുമ്പോൾ ഞാൻ ഒരു ഗവ.ജീവനക്കാരനായിരുന്നു. എന്റെ ഔദ്യോഗിക കാര്യങ്ങളും ക്രിസ്തീയ ശുശ്രൂഷകളുമായി താൻ വലിയ തിരക്കിലായിരുന്നു. എന്റെ ജോലിയും ശുശ്രൂഷയും ഒരുമിച്ച് കൊണ്ടുപോകുന്നതിന്റെ ബുദ്ധിമുട്ട് ഞാൻ ഡോ. സ്പർജനോട് പറഞ്ഞു. ഞങ്ങൾ രണ്ടു പേരും പരസ്പരം സ്നേഹിതന്മാരായിരുന്നു. അദ്ദേഹം എന്റെ ആത്മിക: വളർച്ചയിക്കും

(ശേഷം 8-ാം പേജിൽ)

*കർത്താവിൽ പ്രിയരേ,*

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. "ഇന്നും ഞാൻ അനന്യൻ തന്നേ; എന്റെ കയ്യിൽ നിന്നു വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർത്തിക്കും; ആർ അതു തടുക്കും? നിങ്ങളുടെ വീണ്ടെടുപ്പുകാരനും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. "മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും. നിങ്ങൾ അതു അറിയുന്നില്ലയോ? " (യെശ.43:13,18)*

*2017-ാം വർഷത്തിന്റെ മാർച്ച് മാസം നമ്മെ വിട്ട് കടന്നുപോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും ദൈവഹിതം അന്വേഷിച്ചു നീങ്ങിയാൽ നമ്മുടെ ജീവിതം വൻ വിജയമായിരിക്കും. പ്രതിസന്ധികളിൽ നാം തീർച്ചയായും ദൈവഹിതം അന്വേഷിക്കണം. ദാവീദ് തന്റെ പ്രതിസന്ധികളിലെല്ലാം ദൈവഹിതം അറിയുവാൻ ദൈവസന്നിധിയിലെത്തി. ജീവിതത്തിന്റെ ഓരോ ചെറിയ കാര്യത്തിലും വലിയ കാര്യത്തിലും ദൈവഹിതം തിരിച്ചറിയേണ്ടതിന് ദാവീദ് എപ്പോഴും പുരോഹിതന്റെ അരികിൽ ദൈവിക അരുളപ്പാടിനായി എത്തിയിരുന്നു. ദൈവഹിതം അന്വേഷിക്കുന്നവന് മാത്രമേ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനാകാൻ കഴിയുകയുള്ളൂ. പ്രിയരേ, ദൈവത്തിന് കീഴടങ്ങി ദൈവത്തിന് ഹൃദയപ്രകാരമുള്ള മനുഷ്യരാകുവാൻ നമുക്കും പരിശ്രമിക്കാം.*

*വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. അവൻ നമ്മെ ജീവ പര്യന്തം വഴിനടത്തും. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് നമുക്കു മുന്നോട്ടു നീങ്ങാം.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ* ***A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി*

*ബിന്ദു.എം*


## ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9048677717**

കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം എന്നെ അനുഗമിക്കുന്നവരെ കാത്തുകൊള്ളേണമേ

By Dave Butts

ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകാണ്ടേതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ. അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്” (യോഹ. 17:11,15).

കർത്താവായ യേശു തന്റെ ശിഷ്യന്മാർക്കു വേണ്ടിയും തന്നെ അനുഗമിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. കാരണം ദുഷ്ടന്റെ തന്ത്രങ്ങളെക്കുറിച്ച് കർത്താവ് നന്നായി അറിയുന്നു. കർത്താവ് തന്റെ വ്യക്തിപരമായ ജീവിതത്തിലൂടെ, നിറവേറുവാനുള്ള ദൈവിക പദ്ധതികളിൽ നിന്നും സദാ ജീവിതത്തിന്റെ വിജയങ്ങളിൽ നിന്നും വഴി തെറ്റിക്കുവാനുള്ള സാത്താന്റെ തന്ത്രങ്ങളെ മനസിലാക്കുന്നു. കർത്താവു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ “ പരീക്ഷയിൽ കടക്കാതെ ദുഷ്ടന്റെ കയ്യിൽ നിന്നും വിടുവിക്കേണമേ എന്ന് പ്രാർത്ഥിക്കുവാൻ പറയുന്നു ” (മത്താ. 6:13). “ പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി ” (1യോഹ. 3:8). “നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി... (വെളി. 12:10) പക്ഷവാദം ചെയ് വാൻ സദാ ജീവിക്കുന്നവൻ ” (എബ്രാ. 7:25).

നിങ്ങൾ എത്ര കാലം ഒരു സഭയുടെ അംഗമായിരിക്കുന്നുവോ അത്രയും കാലം ഐക്യത വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ അത് പ്രാപിക്കുവാൻ വളരെ പ്രയാസവുമാണ്. നാം സ്വയ കേന്ദ്രീകൃതവും അഹങ്കാരകരമായ കാര്യങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച് നഷ്ടപ്പെടുന്നവർക്ക് ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുത്തുവാൻ നല്ല ആത്മീയ സംരക്ഷണം നമുക്കാവശ്യം എന്ന് കർത്താവ് അറിയുന്നു.

കർത്താവിൽ വിശ്വസിക്കുന്ന തന്റെ ജനത്തെ ശത്രുവിന്റെ സകല ആക്രമണങ്ങളിൽ നിന്നും വിടുവിക്കുവാൻ അവിടുന്നു മതിയായവനാണെന്ന് മറ്റുള്ളവരേട് പറയേണം. ശാരീരികമായ പ്രശ്നങ്ങളിട്ടുകൊണ്ടും സജീവമായ ആത്മീയ ജീവിതത്തിൽ നിന്നും വിജ.കരമായ ശുശ്രൂഷയിൽ നിന്നും അകറ്റിക്കളയുവാൻ ശത്രു പരിശ്രമിക്കും. എന്നാൽ ദൈവത്തിന്റെ പരമാധികാരത്തിലും ശക്തിയിലും നാം ആശ്രയിക്കുമ്പോൾ പ്രതികൂലങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ചുള്ള പുതിയ പാഠങ്ങൾ പഠിക്കുവാൻ നമുക്ക് ഇടയാകുന്നു. ആത്മീകമോ ശാരീരികമോ ആയ പ്രശ്നങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ നാം ഈ ലോകത്തിനുള്ളതോ ശാരീരികമോ ആയ കാര്യങ്ങൾക്കു വേണ്ടി ചിന്തിക്കുവാനുള്ളവരല്ല എന്നും വരുവാനുള്ളതും നിലനിൽക്കുന്നതുമായ അവകാശങ്ങൾക്കു വേണ്ടി ചിന്തിക്കേണ്ടവരുമാണ് എന്നും മനസ്സിലാക്കേണ്ടതാണ്.

തന്റെ ശിഷ്യന്മാർക്ക് ലോകത്തിൽ പരമാവധി സ്വാധീനം നാം ജീവിക്കുന്ന മണ്ഡലത്തിൽ ഉണ്ടായിരിക്കണം എന്നും അവർക്ക് തന്റെ നാമത്തിൽ ഉന്നതമായ സംരക്ഷണം ഉണ്ടായിരിക്കണം എന്നും കർത്താവു പ്രാർത്ഥിക്കുന്നു. നാം ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ട് ജീവിക്കുമ്പോൾ സ്വയനിയന്ത്രണമുള്ളവരായി ദൈവവചനത്തിന്റെ വഴിയിൽ ബുദ്ധിയോടെ ജീവിക്കുന്നു, കാരണം നമ്മെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന പിശാചിന്

(ശേഷം 8-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

# കർത്താവേ വരേണമേ! ഞങ്ങൾക്ക് അങ്ങയെ നഷ്ടമാകുന്നു

By Roger Ellsworth

“സ്വർഗ്ഗത്തിൽ നിന്നു നോക്കി, വിശുദ്ധിയും മഹത്വവുമുള്ള നിന്റെ വാസസ്ഥലത്തുനിന്ന് കടാക്ഷിക്കേണമേ! നിന്റെ തീക്ഷ്ണതയും വീര്യ പ്രവർത്തികളും എവിടെ? നിന്റെ മനസലിവും കരുണയും എന്നോടു കാണിക്കാതവണ്ണം നീ അടക്കി വെച്ചിരിക്കുന്നു. നീയല്ലോ ഞങ്ങളുടെ പിതാവ്; അബ്രഹാം ഞങ്ങളെ അറിയുന്നില്ല; യിസ്രായേലിന്നു ഞങ്ങളെ തിരിയുന്നതുമില്ല; നീയോ യഹോവേ ഞങ്ങളുടെ പിതാവാകുന്നു; യുഗാരംഭം മുതൽ ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നാകുന്നു നിന്റെ നാമം” (യെശ. 63:15,16).

തന്റെ ജനത്തെക്കുറിച്ച് യെശയ്യാവിനു വ്യക്തമായ കാഴ്ചപ്പാട് ലഭിച്ചിരുന്നു. ബാബിലോന്യർ വരുന്നതും ആളുകളെ അടിമകളാക്കികൊണ്ടുപോകുന്നതിനെക്കുറിച്ചും രാജ്യം ശൂന്യമാക്കുന്നതിനെക്കുറിച്ചെല്ലാം യെശയ്യാവിനു കാണുവാൻ കഴിഞ്ഞിരുന്നു. പ്രവാസത്തിൽ യിസ്രായേൽ കഷ്ടമനുഭവിക്കുന്നതും ക്ഷയിക്കുന്നതും സ്വന്ത വീട്ടിനെക്കുറിച്ച് ചിന്തിച്ച് കാലം പോക്കുന്നതുമെല്ലാം യെശയ്യാവ് ആത്മാവിൽ അറിഞ്ഞിരുന്നു. ഒടുവിലായി മശിഹാ വന്ന് നശിച്ചു പോകാത്ത രാജ്യം സ്ഥാപിക്കുന്നതിന്റെ അടയാളമായി യിസ്രായേലിനെ ഉദ്ധരിച്ച് സ്വന്ത രാജ്യത്തിലേക്ക് കൊണ്ടു വരുന്നതെല്ലാം സംബന്ധിച്ച് യെശയ്യാവിന് അരുളപ്പാട് ലഭിച്ചിരുന്നു.

ഈ തിരുവചനം നാം പഠിക്കുമ്പോൾ തന്റെ ജനം എല്ലാ അർത്ഥത്തിലും അധഃപതിക്കുന്നതു കണ്ടിട്ട് പ്രാർത്ഥിക്കുന്ന ഒരു പ്രവാചകന്റെ പ്രാർത്ഥനയാണ്. ബാബിലോണിൽ യിസ്രായേലിന്റെ കഷ്ടതയുടെ ഏറ്റവും മോശമായ അവസ്ഥയെ കണ്ടുകൊണ്ട് യെശയ്യാവ് പ്രാർത്ഥിക്കുകയാണ്.

ഈ പ്രാർത്ഥനയുടെ ആത്മാർത്ഥത തന്റെ വാക്കുകളിൽ പ്രകടമാണ്. “ നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളാമായിരുന്നു ”(യെശ. 64:2). ഈ ഒരു പ്രാർത്ഥനയിൽ തന്നെ എല്ലാം വ്യക്തമാണ്. പ്രാർത്ഥനയുടെ ശേഷിച്ച വാക്കുകളിൽ കാണുന്നത്, കർത്താവേ, നിന്റെ ശക്തിയിലും അനുഗ്രഹങ്ങളുമായും ജനത്തിന്റെ അടുക്കലേയ്ക്ക് മടങ്ങി വരേണമേ എന്ന് അപേക്ഷിക്കയാണ്. ബന്ധം വിച്ഛേദിച്ച് അകന്നു പോയ ഒരു കുടുംബാംഗത്തെ മുറിഞ്ഞുപോയ ബന്ധത്തെ നേരെയാക്കി തിരികെ കൊണ്ടു വരുവാൻ പ്രേരിപ്പിക്കുകയാണ് ഈ പ്രാർത്ഥനയിലൂടെ ശ്രമിക്കുന്നത്.

യെശയ്യാവിന്റെ ഇടപെടലുകൾ ശ്രദ്ധിച്ചാൽ നമ്മുടെ അവസ്ഥയും ഒട്ടും വ്യത്യസ്തമല്ല എന്ന് കാണാം. നാമും യിസ്രായേലിനെപ്പോലെ ദൈവത്തിൽ നിന്ന് അകന്ന് അനുഗ്രഹങ്ങൾ പ്രാപിപ്പാൻ കഴിയാത്തവരായിരിക്കുന്നു. ദൈവവുമായുള്ള ബന്ധത്തിലേയ്ക്ക് മടങ്ങിവരേണ്ടിയിരിക്കുന്നു. യെശയ്യാവിനോട് ചേർന്നു നമുക്കും നിലവിളിക്കാം. കർത്താവേ ഇറങ്ങി വരണമേ.

നാമും യെശയ്യാവിനോപ്പോലെ ശക്തമായ തീരുമാനത്തോടെ ശബ്ദമുയർത്തി ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം പ്രവർത്തിപ്പാൻ ഇടയായിത്തീരും. നമ്മുടെ ശബ്ദമുയർത്തി ദൈവത്തിനു പ്രസാദമുള്ള പാട്ടുപാടി പ്രാർത്ഥനയോടെ അടുത്തുചെല്ലുമെങ്കിൽ നാം സ്വർഗ്ഗത്തിന്റെ വാതിലുകളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. “ യഹോവയെ ഓർമ്മിപ്പിക്കുന്നവരേ നിങ്ങൾ സ്വസ്ഥമായിരിക്കരുത് ” (യെശ. 66:6) “അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാ വിഷയമാക്കുവോളവും അവന് സ്വ സ്ഥതകൊടുക്കയുമരുത് ”(യെശ. 67:1).

ദൈവം ഇറങ്ങി വരുവാനായി പ്രാർത്ഥിക്കുന്ന തന്റെ ഒന്നാമത്തെ പ്രാർത്ഥന ഒരു പരസ്യമായ പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ തന്റെ ഹൃദയത്തിൽ താൻ പറയുന്നത് കർത്താവേ ഇറങ്ങിവരണമേ, അങ്ങ് ഞങ്ങളിൽ നിന്നും അകന്നു പോകുന്നു. എന്നാണ്. നിങ്ങൾക്ക് എപ്പോഴെങ്കിലും ആരെയെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ? എങ്കിൽ ആ ചിത്രം മനസ്സിൽ ഓടിവരികയും ഒരാളെ നഷ്ടപ്പെടുന്നതിന്റെ യഥാർത്ഥ്യം മനസിലാവുകയും ചെയ്യും. ഒരു പക്ഷേ ആ ആളിന്റെ ചിരിയോ ഒരു സ്പർശനമോ അദ്ദേഹത്തിന്റെ ശബ്ദമോ നമുക്കു വേണ്ടി ചെയ്ത കാര്യങ്ങളോ ഓർമ്മവരും. ആ വ്യക്തിയുടെ അസാന്നിദ്ധ്യം നമുക്ക് വേദനയും സങ്കടവും ഉണ്ടാക്കും. അങ്ങനെയെങ്കിൽ തന്റെ ജനത്തിൽ നിന്നും ദൈവം അകന്നു പോയതിനെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയാതെ താൻ നിലവിളിക്കുകയാണ്.

**1. ദൈവത്തിന്റെ പുഞ്ചിരിക്കുന്ന മുഖം അവർക്കു നഷ്ടമാകുന്നു.**

യെശയ്യാവ് പറയുന്നത് സ്വർഗ്ഗത്തിൽ നിന്നും കുനിഞ്ഞു നോക്കേണമേ എന്നാണ്. വളരെ ഉചിതമായ ഒരു പ്രാർത്ഥന. അവൻ മനസിലാക്കുന്നത്, ദൈവം തന്റെ മുഖം അവരിലേക്ക് തിരിക്കുന്നതുവരെ ഒരു നന്മയും ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല എന്നാണ്. അവൻ മനസിലാക്കുന്നത്, ദൈവം തന്റെ മുഖം അവരിൽ നിന്നും തിരിച്ചിരിക്കുന്നു എന്നാണ്. ദൈവം അവരെ ഉപേക്ഷിച്ചിരിക്കുന്നു. അവർ ദൈവത്തെ വിട്ട് വളരെ സാഹസികമായി പാപത്തിന് തങ്ങളെ എറിഞ്ഞു കൊടുക്കുകയാണു ണ്ടായത്.

ഇത് ദാരുണമായ ഒരു അനുഭവമാണ്. ദൈവത്തിന്റെ ജനം തങ്ങളുടെ കരുണയുള്ള ദൈവത്തെ വിട്ടുകളഞ്ഞിരിക്കുന്നു. യെശയ്യാവ് തന്റെ ജനത്തിനുവേണ്ടി ദൈവത്തോട് കരയുന്നതും ജനം കണ്ടില്ലെന്ന് നടിക്കുന്നു. “ ദൈവം വിശുദ്ധിയും മഹത്വവുമുള്ള തീക്ഷണതയുള്ള ദൈവം” (യെശ. 63:15) . അവർ തന്നിഷ്ടക്കാരായി പാപത്തിൽ രസിച്ച് ദൈവത്തെ പരിഹസിച്ച് ദൈവപ്രവൃത്തിയെ കണ്ടില്ലെന്നു നടിക്കുന്നു; എന്നാൽ ദൈവം അവർക്കെതിരെ തിരിയുന്നു. അവർ പാപവുമായി വിലപേശി അതിനോട്പ്പറ്റിച്ചേരുന്നു; എന്നാൽ ദൈവം അത് ഇഷ്ടപ്പെടുന്നില്ല. നാം പാപത്തോട് അനുരജ്ഞനപ്പെട്ട് അതിനോട് പുഞ്ചിരിക്കുമ്പോൾ, ദൈവം നമ്മോടുള്ള പുഞ്ചിരിയെ നിർത്തിയിട്ട് തന്റെ മുഖം തമ്മിൽ നിന്നും തിരിക്കുന്നു.

ഇത് നിങ്ങളെ അതിശയിപ്പിക്കുന്നുവോ? അങ്ങനെ അരുത്. ദൈവം തനിക്ക് പാപത്തോടുള്ള ഈ മനോഭാവം തന്റെ സ്വഭാവമാണ്. യിസ്രായേലിന്റെ ചരിത്രത്തിൽ അതുകാണാൻ കഴി

(ശേഷം 5-ാം പേജിൽ)

( 4-ാംപേജിന്റെ തുടർച്ച)

**കർത്താവേ വരേണമേ! ഞങ്ങൾക്ക് അങ്ങയെ നഷ്ടമാകുന്നു**

യും. എങ്ങനെയാണ് ദൈവം പാപമുള്ള ജനത്തോടിടപ്പെടുന്നതെന്ന് ആവർത്തനം 31:17,18 വാക്യങ്ങളിൽ കാണാം. " എന്റെ കോപം അവരുടെ നേരെ ജ്വലിച്ചിട്ട് ഞാൻ അവരെ ഉപേക്ഷിക്കയും എന്നെ അവർക്ക് മറെക്കയും ചെയ്യും. അവർ നാശത്തിനിരയായിത്തീരും; അനേകം അനർത്ഥങ്ങളും കഷ്ടങ്ങളും അവർക്കു ഭവിക്കും; നമ്മുടെ ദൈവം നമ്മുടെയിടയിൽ ഇല്ലായ്കകൊണ്ടല്ലയോ ഈ അനർത്ഥങ്ങൾ നമുക്കു ഭവിച്ചത് എന്ന് അവർ അന്ന് പറയും, എങ്കിലും അവർ അന്യ ദൈവങ്ങളുടെ അടുക്കലേയ്ക്ക് തിരിഞ്ഞു ചെയ്തിട്ടുള്ള സകല ദോഷവും നിമിത്തം ഞാൻ അന്ന് എന്റെ മുഖം മറെച്ചുകളയും".

ദൈവത്തിന്റെ പുഞ്ചിരിയോടൊപ്പം വിലമതിക്കുവാനായി ലോകത്തിൽ ഒന്നും തന്നെയില്ല; അതു നഷ്ടപ്പെട്ടാൽ ഉള്ള നഷ്ടം ലോകത്തിൽ ഒന്നുകൊണ്ടും നികത്താനും സാധ്യമല്ല. ഇതല്ലേ ഇന്ന് സഭകളിൽ സംഭവിച്ചിരിക്കുന്നത്. വർണ്ണശബളവും വ്യത്യസ്തങ്ങളായ കാര്യപരിപാടികളും സന്തോഷിപ്പിക്കുന്ന പ്രസംഗങ്ങളും സഭയ്ക്കുണ്ട്. എന്നാൽ ദൈവത്തിന്റെ സാന്നിദ്ധ്യമോ അനുഗ്രഹങ്ങളോ അവിടെയില്ല; കാരണം സഭയുടെ പാപം ദൈവത്തെ ദുഃഖിപ്പിച്ചിരിക്കുന്നു.; തന്റെ മുഖം അവർക്കെതിരെ തിരിച്ചിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഹെൻറി ലൈറ്റ് എന്ന ദൈവഭക്തനോട് ചേർന്ന് പ്രാർത്ഥിക്കാം. "കരുണയും കൃപയും ഉള്ള ദൈവമേ നിന്റെ മുഖം ഞങ്ങളുടെമേൽ പ്രകാശിക്കേണമേ".

**2.ദൈവത്തിന്റെ സഹായിക്കുന്ന കരം അവർക്ക് നഷ്ടമാവുന്നു.**

തന്റെ ജനമായ യിസ്രായേലിനു വേണ്ടി ദൈവം പലപ്പോഴും തന്റെ ശക്തിയെ വെളിപ്പെടുത്തിയിട്ടുണ്ട്. തന്റെ പ്രാർത്ഥന തുടങ്ങുന്നതിനു മുമ്പ് പ്രവാചകൻ ദൈവത്തിന്റെ ജനമായ യിസ്രായേലിനു വേണ്ടി ദൈവം ചെയ്ത പ്രവൃത്തികളെ ഒന്നുകൂടി അയവിറക്കുന്നു. ഫറവോന്റെയും തന്റെ പടയാളികളുടെയും കയ്യിൽ നിന്നു ജനത്തെ രക്ഷിച്ച വിധത്തെക്കുറിച്ചായിരുന്നു അത് (യെശ. 63:12-14).

ദൈവത്തിന്റെ പ്രവൃത്തി യെശയ്യാവിന് വ്യക്തമായിരുന്നു. തന്റെ പ്രവൃത്തിയെ ദൈവം യിസ്രായേലിൽ നിന്നും മാറ്റുകയായിരുന്നു. യിസ്രായേലിന്റെ ഭാവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ തനിക്ക് കാണാൻ കഴിഞ്ഞത്. യിസ്രായേലിന്റെ തോൽവിയും മനോഹരമായ ദൈവാലയം ഒരു കാൽക്കൂമ്പാരമായി മാറുന്നതും, ജനത്തിന്റെ കൂട്ടത്തെ ബാബിലോണിലേയ്ക്ക് അടിമകളായി പിടിച്ചുകൊണ്ടുപോകുന്നതും ആയിരുന്നു. ഒരു ചോദ്യം തന്റെ ചിന്തയിൽ നിന്നും പൊങ്ങി വന്നത്, ദൈവം എവിടെ? (വാ. 11). അതുകൊണ്ട് യെശയ്യാവ് പ്രാർത്ഥിക്കുന്നത് ദൈവമേ, നിന്റെ മുദ്രയും ബലവുമെവിടെ? താൻ വിളിച്ചു ചോദിക്കുന്നത് കഴിഞ്ഞ കാലങ്ങളിൽ വെളിപ്പെടുത്തിയ ശക്തിയും മഹത്വവും ദൈവം വെളിപ്പെടുത്താത്തതെന്തുകൊണ്ടാണ്. എന്തുകൊണ്ടാണ് അവരുടെ സ്വന്ത ചിന്താഗതികളിലേയ്ക്ക് അവരെ ഉപേക്ഷിച്ചത്.

പലപ്പോഴും ജാതികൾ ദൈവജനത്തെ കളിയാക്കിപ്പറയുന്നത് " നിങ്ങളുടെ ദൈവം എവിടെ? " (സങ്കീ. 42:3,10, 79:10). എന്നാൽ ദൈവത്തിനറെ ജനം ഇപ്പോൾ പരസ്പരം നിന്റെ ദൈവം എവിടെ എന്ന് ചോദിക്കേണ്ടി വരുന്നത് വളരെ ലജ്ജാകരമായ കാര്യമാണ്. എന്നാൽ ദൈവം തന്റെ മുഖം തിരിച്ച് തന്റെ പ്രവൃത്തിയെ യിസ്രായേലിൽ നിന്നും മാറ്റിയിരിക്കുമ്പോൾ എന്താണ് ചെയ്യുന്നത്.

സഭ അതിന്റെ അന്തസ്സ് നിലനിർത്തണമെങ്കിൽ ദൈവശക്തി ആവശ്യമാണ്. സഭയ്ക്ക് ലോകത്തിൽ വലിയ പോരാട്ടമുണ്ട്; അതിൽ ജയിക്കണമെങ്കിൽ ദൈവശക്തി ആവശ്യമാണ്. മാനുഷിക ജ്ഞാനവും കഴിവുകളും അതിന് പര്യാപ്തമല്ല. ആ പോരാട്ടത്തിൽ ദൈവത്തെ മാറ്റി നിർത്തി പോരാടുക എന്നു വെച്ചാൽ, ഒരു വലിയ കരിങ്കല്ലിനെ, സ്വന്തം വെറും കൈക്കൊണ്ട് പൊട്ടിക്കാൻ ശ്രമിക്കുന്നതുപോലെയിരിക്കും.

സഭയുടെ ഇന്നത്തെ പ്രശ്നം എന്നത് ഉള്ളതുകൊണ്ട് കഴിഞ്ഞു കൂടുവാൻ ശ്രമിക്കുന്ന മനോഭാവമാണ്. സ്വന്ത കഴിവുകളിൽ ഊന്നുവാൻ ശ്രമിക്കുന്നു. മാനുഷിക ജ്ഞാനത്തിന് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും; ദൈവത്തിന്റെ പേരിൽ അതിനെ ലോകത്തിന് കൈമാറുവാൻ ശ്രമിക്കുന്നു; എന്നാൽ ലോകം അത് കൈക്കൊള്ളുന്നില്ല. നാം നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ചാൽ ദൈവത്തെ കൂടാതെ ദൈവത്തിന്റെ പേരിൽ ചെയ്യുന്ന കാര്യങ്ങൾ തീരെ വിലകുറഞ്ഞതു പ്രയോജനമില്ലാത്തതു എന്ന് മാത്രമല്ല, ദൈവത്തോട് നിലവിളിച്ച് നിരപ്പു പ്രാപിച്ച് ദൈവത്തിന്റെ പ്രവൃത്തിയെ ജീവിപ്പിച്ചെടുക്കുവാൻ നാം നിർബ്ബന്ധിതരാകുന്നു.

**3. ദൈവത്തിന്റെ കരുണയുള്ള ഹൃദയം നമുക്ക് നഷ്ടമാവുന്നു.**

യെശയ്യാവ് വളരെ അത്യാവശ്യമായ ഒരു ചോദ്യം ചോദിക്കുന്നു. ദൈവം തന്റെ മുഖം തന്റെ ജനത്തിനെതിരെ തിരിക്കുന്നു. തന്റെ ശക്തി തടഞ്ഞു വച്ചിരിക്കുന്നു. ഇനി ഒരിക്കലും തന്റെ ജനത്തെ സ്നേഹിക്കയില്ലയോ? യെശയ്യാവ് സംസാരിക്കുമ്പോൾ വ്യക്തമാവുന്ന ഒരു കാര്യം വാസ്തവമായി ദൈവജനത്തിന്റെ പിതാവ് ഇപ്പോഴും ദൈവമാണ്. അബ്രഹാമും, യിസഹാക്കും, യാക്കോബും ജഡപ്രകാരം അവരുടെ പിതാവാണ്. അവർ പോലും ഈ ജനത്തെ സ്വീകരിക്കാൻ തയ്യാറാവുകയില്ല. കാരണം ജനത്തിന്റെ പാപം അത്ര വലിയതാണ്. എന്നാൽ ദൈവത്തിന്റെ നാമം എന്നേയ്ക്കുമുള്ളതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ സ്വാഭാവത്തിൽ മാറ്റമില്ലാത്തവനാണ്. യെശയ്യാവ് മനസ്സിലാക്കുന്നത് ജനം അനുതപിക്കും എങ്കിൽ ദൈവം ക്ഷമിക്കും എന്നു തന്നെയാണ്. ആ അറിവ് യെശയ്യാവിനെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നത്.

ഒരു വലിയ സത്യം ഇവിടെ വിസ്മരിക്കാൻ സാദ്ധ്യമല്ല. എന്നാൽ നാം പാപം ചെയ്യുമ്പോഴും ദൈവത്തിന്റെ സ്നേഹത്തിന് കുറവു വരുന്നില്ല. പക്ഷേ അനുഗ്രഹങ്ങൾ ദൈവം തടഞ്ഞുവയ്ക്കും. അപ്പോൾ നാം ചിന്തിക്കുന്നത്, ദൈവം ഇനി ഒരിക്കലും നമ്മെ സ്നേഹിക്കയില്ല എന്നാണ്. നാം ഒരു പക്ഷേ ചിന്തിക്കയും സംസാരിക്കയും ചെയ്യും. ഇപ്പോഴും ദൈവം എന്നെ സ്നേഹിക്കുന്നു എന്ന്; എന്നാൽ ദൈവത്തിന്റെ യഥാർത്ഥ സ്നേഹത്തെ നാം മടങ്ങിവരുന്നതു

(ശേഷം 8-ാംപേജിൽ)

# ക്രിസ്തുവിന്റെ മൂന്നു അപേക്ഷകൾ

By J.C.Ryle

" സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു. നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരേയും ലോകത്തിലേക് അയച്ചിരിക്കുന്നു. അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കു വേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നേ. നീ എനിക്ക് തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരി ലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ. പിതാവേ നീ ലോക സ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്നിടത്ത് അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല, ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്ന് ഇവരും അറിഞ്ഞിരിക്കുന്നു. നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും (യോഹ. 17:17-26).

ഒരു പ്രാർത്ഥനയുടെ ഉപസംഹാരമായ ഈ അനുഗ്രഹിക്കപ്പെട്ടവാക്കുകൾ എപ്പോഴും ഭൂമിയിൽ പ്രാർത്ഥിക്കുന്നവയാണ്. ഒന്നാമത്തെ കർത്താവിന്റെ അത്താഴത്തിൽ കർത്താവിന്റെ ഒടുവിലത്തെ പ്രാർത്ഥനാവാക്കുകളാണിവ. തന്റെ ശിഷ്യന്മാർക്കുവേണ്ടി ദൈവമുമ്പാകെ കർത്താവ് അർപ്പിച്ച 3 അപേക്ഷകൾ ഇവിടെ കാണുന്നു.

**1. വിശുദ്ധീകരണം**

തന്റെ ജനം വിശുദ്ധീകരിക്കപ്പെടേണ്ടതിന് എങ്ങനെയാണ് യേശു പ്രാർത്ഥിക്കുന്നതെന്നു നോക്കാം. അവരെ വിശുദ്ധീകരിക്കേണമേ. യേശു പറയുന്നത് "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ നിന്റെ വചനം സത്യമാകുന്നു".

ഈ പ്രാർത്ഥനയിൽ യേശു പ്രാർത്ഥിക്കുന്നത് പിതാവ് ജനത്തെ കൂടുതൽ വിശുദ്ധീകരിക്കേണം. കൂടുതൽ ആത്മികരാക്കേണം, കളങ്കമില്ലാത്തതും, ചിന്തയിലും വാക്കിലും ഭാവത്തിലും, ജീവതത്തിലും സ്വഭാവത്തിലും വിശുദ്ധരാകേണം എന്നാണ്. ശിഷ്യന്മാർക്കുവേണ്ടി ദൈവത്തിന്റെ കൃപ ചില കാര്യങ്ങൾ വാസ്തവമായി ചെയ്തിട്ടുണ്ട്. വിളിച്ചു, രൂപാന്തരപ്പെടുത്തി, പുതുക്കം നൽകി, വ്യത്യാസപ്പെടുത്തി. സഭയുടെ ശ്രേഷ്ടനാഥൻ പ്രാർത്ഥിക്കുന്നത്, കൃപയുടെ പ്രവൃത്തി വലിയതാണ് . ആളുകൾ കൂടുതലായി വിശുദ്ധരാകണം, ശരീരത്തിലും മനസ്സിലും ആത്മാവിലും വിശുദ്ധി പ്രാപിക്കണം. കർത്താവിനോളം വിശുദ്ധരാകേണം. പ്രാർത്ഥനയിൽ നമ്മുടെ ജ്ഞാനം വെളിപ്പെടുത്തേണ്ട ആവശ്യമില്ല. കർത്താവിന്റെ സകല വേലക്കാരും നിശ്ചയമായും ഈ വിശുദ്ധിയെ ആഗ്രഹിക്കേണ്ടതാണ്. വിശുദ്ധ ജീവിതം എന്നത് ക്രിസ്തീയ ജീവിതത്തിന്റെ തെളിവാണ്. ഈ വിശുദ്ധിയുടെ അനുഭവത്തെ ആളുകൾ തള്ളിക്കളഞ്ഞേക്കാം. വിശുദ്ധജീവിതത്തിന്റെ തെളിവുകളിൽ നിന്നും ഒഴിഞ്ഞിരിക്കാൻ അവർക്കു സാദ്ധ്യമല്ല. ഈ അനുഭവം മതത്തെ ശ്രേഷ്ടമാക്കുന്നു, അതിനെ മനോഹരമാക്കുന്നു. ഈ വിശുദ്ധീകരണമാണ് യേശു തന്റെ ശിഷ്യന്മാരെക്കുറിച്ച് ആഗ്രഹിച്ചത് എന്ന് ആർ ചിന്തിക്കും? വിശുദ്ധജീവിതത്തെ പകയ്ക്കുന്നവൻ, നല്ല പ്രവൃത്തിയെ വെറുക്കുന്നവൻ, വിശ്വാസത്താലുള്ള നീതീകരണത്തെ വൃഥവായി ചിന്തിക്കുന്നവൻ ക്രിസ്തുവിന്റെ മനസില്ലാത്തവനാണ്.

**2. ഐക്യത**

രണ്ടാമതായി യേശു ആളുകളുടെയിടയിൽ അവർ എല്ലാവരും ഒന്നാകേണ്ടതിനു ആളുകൾ വിശ്വസിക്കേണ്ടതിനും...... അവിടുന്ന് എന്നെ അയച്ചിരിക്കുന്നു എന്ന് അറിയേണ്ടതിനും, കർത്താവായ യേശുവിന്റെ പ്രാർത്ഥനയിൽ ഇത് പ്രധാനപ്പെട്ട ഒരു അപേക്ഷയാണ്.

ജനത്തിന്റെ ഇടയിലെ അസാമാന്യമായ ഐക്യതയെ വിട്ട് നമുക്ക് അപേക്ഷിക്കുവാൻ കഴിയും. പാപകാരണമായ വിഭാഗീയതകൾ വച്ചുകൊണ്ട് അപേക്ഷിക്കാം, എന്നാൽ അവയെല്ലാം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് വിഭാവനം ചെയ്യുന്ന വിശുദ്ധിയുടെ മാനദണ്ഡങ്ങൾക്ക് കടകവിരുദ്ധനാണ്. വളരെ വേദനാജനകമായ സത്യം എന്നത്, ആത്മീയ ഗോളത്തിലെ അപവാദമാണ് വിഭാഗീയത, മാത്രമല്ല ദൈവ സഭയുടെ ബലഹീനതയുമാണത്. പലപ്പോഴും പാപത്തോടും പിശാചിനോടും പോരാടേണ്ടതിന് പകരം സഭയിൽ പരസ്പരം പോരാടി തങ്ങളുടെ ആരോഗ്യവും സമയവും നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവയെല്ലാം നമ്മുടെ വാഴ്ത്തപ്പെട്ട കർ ത്താവ് തന്റെ പ്രവചന കണ്ണുകളാൽ കണ്ടു. ആ ഉൾക്കാഴ്ച മൂലമാണ് കർത്താവ് പ്രാർത്ഥിക്കുന്നത് "അവർ ഒന്നാകേണ്ടതിന്"

കർത്താവിന്റെ ഈ പ്രാർത്ഥന ഹൃദയത്തിൽ ഉൾക്കൊണ്ട് അത് ജീവിതത്തിന്റെ ഭാഗമായി ജീവിക്കുവാൻ ഒരു വിശ്വാസി ബാദ്ധ്യസ്ഥനാണ്. ഇതിനെ നിസാരമായി കാണാനോ ഭിന്നതകളോ വിഭാഗീയതകളോ വളർത്തുവാനോ പാടില്ലാത്തതാകുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ പിശാചിനെ സഹായിക്കാനും ക്രിസ്തുവിന്റെ പദ്ധതികളെ നശിപ്പിക്കുവാനേ ഉപകരിക്കയുള്ളൂ. " കഴിയും എങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ" (റോമർ. 12:18). പരസ്പരം ഉൾ ക്കൊള്ളാനും വഹിപ്പാനും കരുതുവാനും നമുക്ക് ഇടയാകട്ടെ. വിഭാഗീയതയുണ്ടാക്കുന്നവർ നാശത്തിനായി അന്യാഗ്നിയത്രേ കത്തിക്കുന്നത്. ജീവിക്കുന്ന കർത്താ വ് നമുക്കുള്ളതുകൊണ്ട് ഒരു നല്ല മനസാക്ഷി വച്ചുപുലർത്തി, ദൈവസ്നേഹവും ദയയും ഉള്ളവരായി, സമാധാനത്തിന്റെ വഴിയെ പിന്തുടർന്ന് ഐക്യതയ്ക്കായി പ്രവർത്തിക്കാം. കർത്താവിൽ ഒന്നാകാം.

(ശേഷം 7-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## നമ്മുടെ എന്നേയ്ക്കും ജീവിക്കുന്ന മദ്ധ്യസ്ഥൻ

ഇല്ലാത്ത ആരെങ്കിലും നിങ്ങളുടെ ഇടയിൽ ഉണ്ടോ? ഒരു ദിവസം പല പ്രാവശ്യം കൃപാസനത്തോട് അടുത്തു വരുവാൻ ആവശ്യമില്ലാത്ത ആൾ ആരാണ് നിങ്ങളുടെ ഇടയിൽ ഉള്ളത്? യേശു എപ്പോഴും അവിടെയുണ്ട്; നമ്മുടെ ആവശ്യങ്ങളും പരാതികളും സ്വീകരിക്കുവാൻ എപ്പോഴും അവിടെയുണ്ട്. എപ്പോഴും നമ്മെ കൈക്കൊള്ളും. പരാതികൾ സ്വീകരിക്കും, നമ്മുടെ സ്തുതിയും സ്തോത്രവും സ്വീകരിക്കും. സഹോദരന്മാരേ, നാം ഓരോ ദിവസവും സമ്മർദ്ദത്തിലാണ്. പാപങ്ങളുടെ വൈരുദ്ധ്യങ്ങൾ, ശാരീരികമായ പ്രശ്നങ്ങൾ ആരാധനയുടെ പ്രശ്നങ്ങൾ, സഹോദരങ്ങൾ തമ്മിലുള്ള ഇടപെടലുകൾ ഇവ എല്ലാം നിമിത്തം ദൈവത്തിൽ നിന്നുള്ള സഹായം നമുക്ക് അത്യാവശ്യമാണ്. ഒരു മദ്ധ്യസ്ഥനെ നമുക്കാവശ്യമാണ്. അവിടുത്തെ പാദത്തിൽ നമ്മുടെ ഭാരങ്ങൾ ഇറക്കി വയ്ക്കണം. അവിടുത്തെ കാതുകളിൽ നമ്മുടെ സങ്കടങ്ങൾ പറയണം. യേശു എപ്പോഴും നമ്മുടെ മദ്ധ്യസ്ഥനായി ജീവിക്കുന്നു.

### എണ്ണമില്ലാത്ത അനുഗ്രഹങ്ങൾ

നമുക്കുള്ള വലിയ മദ്ധ്യസ്ഥർ വിലപ്പെട്ട നന്മകളും അനുഗ്രഹങ്ങളും നമ്മുടെ അനുഗ്രഹത്തിനും വളർച്ചയ്ക്കുമായി ദിനംതോറും നമുക്കു നൽകുന്നു. ഈ ലോകത്തിലും വരുവാനുള്ളതിലും നാം പ്രാപിപ്പാനുള്ള ആത്മികവും ഭൗതികവുമായ നന്മകളിലേക്ക് അവിടുത്തെ കൈകൾ നമ്മെ നടത്തുന്നു. അവിടുത്തെ പ്രാർത്ഥനയും മദ്ധ്യസ്ഥയും നമുക്കുവേണ്ടി ഉണ്ടാവില്ല എങ്കിൽ നമ്മെ ആത്മാവിൽ അനുഗ്രഹിച്ചു ദൈവത്തിന്റെ ഇഷ്ടം ചെയ്വാനും സൽപ്രവൃത്തികൾക്ക് പൂർണ്ണരാക്കുവാനും കഴിയുന്ന നമുക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത നന്മകളിലേയ്ക്ക് കൊണ്ടെത്തിക്കുന്ന അനുഗ്രഹങ്ങളെ പ്രാപിക്കാൻ സാദ്ധ്യമല്ല.

എല്ലായ്പ്പോഴും ജീവിച്ച് തന്ത്രങ്ങൾ മെനയുന്ന ഒരു ശത്രുവിനെ നിങ്ങൾ മറന്നു പോയോ? അവൻ എപ്പോഴും സഹോദരവർഗ്ഗത്തെ കുറ്റംപറഞ്ഞു ജീവിക്കുന്നു. അവൻ രാപകൽ അങ്ങനെ ചെയ്യുന്നു. നമ്മുടെ കർത്താവിനോടും അങ്ങനെ ചെയ്തതാണല്ലോ. അവിടുന്ന് സീയോനുവേണ്ടി തന്റെ സമാധാനത്തെക്കുറിച്ച് ചിന്തിച്ചില്ല. നമുക്കുവേണ്ടി എത്ര അധികം. ഇങ്ങനെ കുറ്റം പറയുന്നവർക്കെതിരെ തന്ത്രങ്ങൾ മെനയുന്നത്. ശീമോനെ പാറ്റേണ്ടതിന് സാത്താൻ ദൈവത്തോട് അനുവാദം ചോദിച്ചു. "ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു " (ലൂക്കൊ. 22:31,32). പലപ്പോഴും ദുഷ്ടന്റെ കണിയിൽ നാം അകപ്പെടാതവണ്ണം നമ്മെ രക്ഷിക്കുന്നത് കർത്താവിന്റെ പ്രാർത്ഥനയാണ്. പ്രിയ സഹോദരന്മാരെ എത്രയെത്ര തീയമ്പുകളാണ് കർത്താവിന്റെ മദ്ധ്യസ്ഥതയാകുന്ന പരിചയിൽ തട്ടി തകർന്നു പോയത്. കർത്താവായ യേശുവിന്റെ മദ്ധ്യസ്ഥതയാൽ പതിനായിരം കരങ്ങൾ ഉയർത്തിയുള്ള അനുഗ്രഹങ്ങളത്ര വർഷിപ്പിച്ചു കൊണ്ടിരിക്കുന്നത്.

കർത്താവ് ചോദിക്കുന്നത്, നീ സമുദ്രത്തിന്റെ ഉറവുകളോളം ചെന്നിട്ടുണ്ടോ? ആഴിയുടെ ആഴത്തിൽ സഞ്ചരിച്ചിട്ടുണ്ടോ? നിശ്ചയമായും നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥതകൾ സമുദ്രത്തേക്കാൾ ആഴുമുള്ളതാണ്. പരിശുദ്ധാത്മാവ് നമ്മുടെ കണ്ണുകളെ തുറന്നാൽ പർവ്വതങ്ങളിൽ നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അഗ്നി അശ്വങ്ങളെയും അഗ്നി രഥങ്ങളെയും കാണുവാൻ കഴിയും. ആരാണ് ആ കുതിരകളെ നയിക്കുന്നത്? ആരാണ് ആ രഥങ്ങളെ നിയന്ത്രിക്കുന്നത്? ദൈവത്തിന്റെ സൈന്യത്തിന്റെ നായകൻ ആരാണ്? നമ്മോടു കൂടെയുള്ള രാജാവ് ആരാണ്. ആരാണ് നമുക്കുവേണ്ടി എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്ന ആ മദ്ധ്യസ്ഥൻ.

കർത്താവായ യേശുക്രിസ്തു തന്റെ ഇടർച്ചയായ മദ്ധ്യസ്ഥതയാൽ സകല അന്ധകാരശക്തിയെയും നിയന്ത്രിക്കുകയും തന്റെ ജനത്തിന്റെ സംരക്ഷണത്തിനാവശ്യമായ വെളിച്ചത്തെ ചലിപ്പിക്കുകയും ചെയ്യുന്നു. തന്റെ പ്രാർത്ഥനയാൽ രൂപപ്പെടുന്ന അനുഗ്രഹത്തിന്റെ അന്തരീക്ഷത്തിൽ നാം ജീവിക്കയും ചലിക്കയും ചെയ്യുന്നു. ക്ഷീണിക്കാത്ത സർവ്വശക്തനായ മദ്ധ്യസ്ഥന്റെ പ്രാർത്ഥനയുടെയും സംരക്ഷണത്തിന്റെയും ആഴങ്ങൾ നമുക്ക് അളക്കുവാൻ കഴിയുന്നതല്ല. കാലങ്ങൾ അവസാനിക്കുമ്പോൾ, വിശുദ്ധന്മാർ തങ്ങളുടെ സ്വന്ത വീട്ടിൽ ചേർക്കപ്പെടുമ്പോൾ, ദൈവം നമുക്ക് ഒരുക്കിയിരിക്കുന്ന നിത്യ സന്തോഷത്തിന് തന്റെ നിലയ്ക്കാത്ത മദ്ധ്യസ്ഥയ്ക്ക് നാം കടപ്പെട്ടിരിക്കും. ❖

(6-ാം പേജിന്റെ തുടർച്ച )

### 3. ഇതാ നിന്റെ മഹത്വം

ഒടുവിലായി ഇവിടെ കർത്താവ് പ്രാർത്ഥിക്കുന്നത് എനിക്ക നൽകിയ മഹത്വം ഇവർ കാണേണ്ടതിനു വളരെ ഹൃദയസ്പർശിയായ പ്രാർത്ഥനയുടെ ഉപസംഹാരമാണിവിടെ കാണുന്നത്. കേൾക്കുന്നവർക്ക് സന്തോഷവും ആനന്ദവും ഉളവാക്കുന്ന ഒരു പ്രാർത്ഥന. തന്നോടടുക്കുന്ന തന്റെ ജനത്തെ കൂടുതൽ ബലപ്പെടുത്തുന്ന പ്രാർത്ഥന. വായിക്കുന്ന നമുക്കും മാധുര്യം നൽകുന്നതും ഏറെ ആശ്വാസം നൽകുന്നതും പ്രാർത്ഥനയത്രേ.

നാം ഇപ്പോൾ ക്രിസ്തുവിനെ കാണുന്നില്ല. നാം കർത്താവിനെ വായിച്ചറിയുന്നു, കേൾക്കുന്നു, വിശ്വസിക്കുന്നു, പൂർത്തിയാക്കപ്പെട്ട തന്റെ രക്ഷണ്യ പ്രവർത്തിയിൽ നാം പ്രത്യാശ വയ്ക്കുന്നു. എല്ലാറ്റിനും ഒരു അവസാനം ഒരുക്കിയിരിക്കുന്നുവല്ലോ. അന്ന് താൻ ആയിരിക്കുന്നതുപോലെ തന്നെ നാം അവിടുത്തെ കാണും. നാം അറിഞ്ഞതുപോലെ തന്നെ നാം അവിടുത്തെ അറിയും. കണ്ണാടിയിൽ കാണുന്നതു പോലെയല്ല, മുഖാമുഖമായി കാണും. എന്നും അവിടുത്തോട് കൂടെ വസിക്കും. പിന്നെ ഒരിക്കലും പുറത്തു പോകയില്ല. വിശ്വസിക്കുമ്പോൾ ഇത്രയും സന്തോഷം ഉണ്ടെങ്കിൽ, കാണുമ്പോൾ എത്ര അധികം പൗലൊസ് എഴുതുന്നത് ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെയിരിക്കും. പൗലൊസ് കൂട്ടിച്ചേർക്കുന്നത് ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ (2 തെസ്സ. 4:17,18).

നാം സ്വർഗ്ഗത്തെക്കുറിച്ച് വളരെ കുറച്ചു മാത്രമേ അറിയുന്നുള്ളൂ. രക്ഷിക്കപ്പെട്ട ദൈവം ഒരുക്കിയിരി

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച )

## ഒരു വിശ്വസ്ത ദാസൻ മഹത്വത്തിൽ

ശുശ്രൂഷയ്ക്കും ഒരു പിൻബലം ആയിരുന്നു. അദ്ദേഹം എന്നെ നിർബന്ധിച്ചപ്പോൾ സാദ്ധ്യമല്ല എന്ന് പറയാൻ എനിക്ക് കഴിഞ്ഞില്ല. അങ്ങനെ ഞാൻ ശുശ്രൂഷയിൽ തുടർന്നു.

എന്നാൽ ഞാൻ മിസകയുടെ പ്രവർത്തനം തുടങ്ങിയപ്പോൾ എനിക്ക് അതു വളരെ അനുഗ്രഹമായിത്തീർന്നു, ആത്മികമായി വളരുവാൻ ഇടയായി. കർത്താവിന്റെ വേലയിൽ കൂടുതൽ വളരുവാൻ എനിക്കിടയായി. ശ്രേഷ്ഠന്മാരായ ഭക്തന്മാരുടെ ലേഖനങ്ങൾ എന്നെ കൂടുതൽ ബലപ്പെടുത്തി. ഹെറാൾഡിന്റെ പരിഭാഷ എന്റെ ദർശനത്തിനും കാഴ്ചപ്പാടിലും ശുശ്രുഷയുടെ അതിരുകൾക്കും വിശാലത വരുത്തി. ഈ വലിയ ശുശ്രൂഷയെ ഓർത്ത് കർത്താവിനെ സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഈ ശുശ്രൂഷയുടെ ലക്ഷ്യത്തിന് കോട്ടം വരാതെ ദൈവം ഈ ശുശ്രൂഷയെ അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഞാൻ ഈ ശുശ്രൂഷ ഏറ്റെടുത്ത കാലത്ത് ബാംഗ്ലൂരിലുള്ള എന്റെ ഒരു സഹോദരന് ഈ ശുശ്രൂഷയെക്കുറിച്ച് ഒരു കത്തെഴുതി. അദ്ദേഹം കേന്ദ്രഗവൺമെന്റിലെ ഒരു ജീവനക്കാരനും അംസ്ബ്ലീസ് ഓഫ് ഗോഡ് സഭയുടെ ഒരു പാസ്റ്ററുമായിരുന്നു. അദ്ദേഹത്തിന്റെ പ്രതികരണം അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഞാൻ ഇവിടെ കുറിക്കുന്നു. മലയാളം ഹെറാൾഡിന്റെ ഉത്തരവാദിത്വത്തോടും പ്രാർത്ഥനയോടും സമർപ്പണത്തോടും നീ ഇത് ചെ യ്യുന്നു എങ്കിൽ വളരെ അനുഗ്രഹിക്കപ്പെടും. നിനക്കറിയാമോ ഡബ്ല്യു.സി.മൂർ എന്ന ദൈവദാസനും അദ്ദേഹത്തിന്റെ ഭാര്യ സാറാ ഫൂക്സ്മൂർ (ഹെറാൾഡിന്റെ സ്ഥാപകൻ) എന്നിവർ വളരെ പ്രാർത്ഥനയോടും സമർപ്പണത്തോടും പ്രാർത്ഥനയോടും ആരംഭിച്ച ഈ ശുശ്രൂഷ ലോകത്തിന്റെ വിവിധരാജ്യങ്ങളിൽ ആളുകൾ അനുഗ്രഹിക്കപ്പെടുവാനും ആത്മിക വർദ്ധന പ്രാപിപ്പാനും ഇടയായിട്ടുണ്ട്. അതുകൊണ്ട് ഞാൻ നിന്നെ ഉപദേശിക്കുന്നത്, ആത്മീയമായതും മൂല്യവും നഷ്ടപ്പെടാതെ പരിഭാഷ ചെയ്യേണ്ടതിനും ഈ ശുശ്രൂഷ വിജയകരമായി ചെയ്യുവാനാവശ്യമായ ദൈവകൃപയും അറിവും പരിജ്ഞാനവും ലഭിക്കേണ്ടതിനായും ദൈവത്തോടു പ്രാർത്ഥിക്കുക. ഈ ശുശ്രൂഷയെ നിസാരമായി കാണരുത്. ദൈവമായ കർത്താവ് നിന്നെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ.

പ്രിയ സഹോദരൻ വേല തികച്ച് കടന്നുപോയി. നമ്മുടെ ഹൃദയങ്ങളിലുണ്ട്. വേല തികച്ച് കടന്നുപോയ മൂർ കുടുംബം സഹോദരൻ വിജയരാജ് തുടങ്ങിയവർ പകർന്നു തന്ന ദർശനവും കാഴ്ചപ്പാടും ധൈര്യവും ദൈവത്തിന്റെ അനുഗ്രഹങ്ങളും കൊണ്ട് നടക്കുന്ന ഈ ശുശ്രൂഷ ലോകവ്യാപകമായി നഷ്ടപ്പെട്ട അനേക ആത്മാക്കളുടെ രക്ഷയ്ക്കും ദൈവജനത്തിന്റെ ആത്മിക വർദ്ധനയ്ക്കും കാരണമാവുന്നു.

മുപ്പത് വർഷത്തിലധികം സഹോദരൻ വിജയരാജ് വിജയകരമായും ത്യാഗപരമായും ആഗമനദൂതന്റെ ശുശ്രൂഷ ചെയ്തു. ദൈവത്തിന്റെ പ്രിയ ദാസനിലൂടെ ദൈവം ചെയ്ത എല്ലാ ശുശ്രൂഷകളെ ഓർത്തും ദൈവത്തിന് സ്തോത്രം. ❖

(3-ാം പേജിന്റെ തുടർച്ച )

### ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം എന്നെ അനുഗമിക്കുന്നവരെ കാത്തുകൊള്ളണമേ

കാലൂന്നുവാനുള്ള സ്ഥലം നമ്മുടെ ജീവിതത്തിൽ നൽകുകയില്ല എന്ന് നാം ഉറച്ചിരിക്കുന്നു (എഫെ. 4:27). നാം ദൈവത്തോട് പ്രാർത്ഥിക്കുന്നു എന്ന നിലയിൽ നമ്മുടെ ജീവിതത്തിന് ദുഷ്ടന്റെമേൽ അധികാരം ഉണ്ട്. ശരീരം ബഹീനമെങ്കിലും ആത്മാവിൽ ബലം വ്യാപരിക്കുന്നു. “ അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കനാൾ പുതുക്കം പ്രാപിക്കുന്നു. ഞൊടിനേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യ ഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു ” (2 കൊരി. 4:16,17).

പിതാവേ, അവിടുന്ന് എന്റെ സങ്കേതവും എന്റെ വീണ്ടെടുപ്പുകാരനും ആകുന്നു. ദുഷ്ടന്റെ എല്ലാ തന്ത്രങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. അവിടുത്തെ ശക്തിയും സംരക്ഷണവും എനിക്കുവേണ്ടിയുള്ളതിനായി നന്ദി. ആമേൻ. ❖

(5-ാം പേജിന്റെ തുടർച്ച )

### കർത്താവേ വരേണമേ! ഞങ്ങൾക്ക് അങ്ങയെ നഷ്ടമാകുന്നു

വരെ നമുക്ക് അനുവഭവിക്കാൻ കഴിയുന്നതല്ല.

യെശയ്യാവിന്റെ തുറന്ന പ്രാർത്ഥനയിൽ നാം എങ്ങനെ ആയിരിക്കണം എന്ന് പ്രാചകൻ ഓർമ്മിപ്പിക്കുന്നു. നാം ദൈവത്തിന്റെ പുഞ്ചിരിയെക്കുറിച്ചും, ദൈവശക്തിയെക്കുറിച്ചും തന്റെ സ്നേഹത്തെക്കുറിച്ചും ബോധവാന്മാരായിരിക്കണം എന്ന് പ്രവാചകൻ ഓർമ്മപ്പെടുത്തുന്നു. അതിനെക്കാൾ വലുത് ലോകത്തിൽ ഒന്നും തന്നെയില്ല. അതിനെ നഷ്ടമാക്കുന്നതിനെക്കൾ ഭീകരമായി ലോകത്തിൽ ഒന്നും തന്നെയില്ല. നമ്മിൽ പലർക്കും ആ നഷ്ടം സംഭവിച്ചിരിക്കുന്നു എന്ന് നാം മനസ്സിലാക്കേണം. നാം ആയിരിക്കേണ്ടതായ നിലവാരത്തിൽ നിന്നും എത്രയോ താഴെയാണ്. നമുക്ക് നഷ്ടപ്പെട്ടതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ദൈവത്തോടു നിലവിളിക്കാൻ തുടങ്ങാം. കർത്താ വേ ഇറങ്ങി വരണമേ, ഞ ങ്ങൾക്ക് അങ്ങയെ നഷ്ടമാവുന്നു. ❖

(7-ാം പേജിന്റെ തുടർച്ച )

### ക്രിസ്തുവിന്റെ മൂന്നു അപേക്ഷകൾ

ക്കുന്ന ഭാവിയെക്കുറിച്ച് വേദപുസ്തകം പറയുന്ന കാര്യങ്ങൾ നമുക്ക് വിശ്വസിപ്പാൻ കഴിയാത്തതായിരിക്കാം എന്നാൽ തിരുവചനം സത്യമാണ്. “ നാം ഇന്നതാകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല ” (1യോഹ. 3:2). ഈ വചനം നൽകുന്ന ചിന്ത എന്നത്: മരണശേഷം നാം ക്രിസ്തുവിനോടുകൂടെ ആയിരിക്കും എന്നാണ്. അവിടുന്ന് നമുക്കുവേണ്ടി ജനിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റ് നമുക്കായി ജീവിക്കുന്നു, തന്റെ പക്കൽ ഒന്നിനും കുറവില്ലാത്തവനു മത്രേ. ദാവീദ് പറയുന്നത്, “ നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട് ” (സങ്കീ. 16:11).

ക്രിസ്തുവിന്റെ പ്രാർത്ഥനയിലെ ഈ അപേക്ഷകൾ വീണ്ടും ഓർമ്മിക്കാം. വിശുദ്ധിയും ഐക്യതയും പിന്തുടരുമ്പോൾ ക്രിസ്തുവിന്റെ കൂട്ടായ്മ അതിനൊടുവിൽ ഒരിക്കലും അവസാനിക്കാത്ത അനുഭവമായി നമ്മെ പിന്തുടരും. മരണത്തിനടപ്പുറത്തും ആ കൂട്ടായ്മ തുടർന്നു കൊണ്ടേയിരിക്കും. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975